# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4130

16.12.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി
മറുപടി പറയേണ്ടത്

## 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളപരിഷ്കരണത്തിനായുള്ള 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ എന്നാണ് നിയമിച്ചതെന്ന വ്യക്തമാക്കാമോ; | : | 30/11/2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന പ്രകാരമാണ് സർക്കാർ പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ച് ഉത്തരവായത്. |
| (ബി) | 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | : | സമർപ്പിച്ചിട്ടില്ല. |
| (സി) | റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷന് അനുവദിച്ച സമയപരിധി എത്ര ആണെന്നും ആയത് നീട്ടി നൽകിയിട്ടുണ്ടോ എന്നും അറിയിക്കുമോ; | : | 12.06.2014 തീയതിയിലെ സ.ഉ.(കൈ)നം.218/14/ധന ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 04.12.2014 വരെയും 29.11.2014 തീയതിയിലെ സ.ഉ.(കൈ) നം.521/14/ധന പ്രകാരം 30.06.2015 വരെയും ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. |
| (ഡി) | ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | | അനുവദിച്ച കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ ശുപാർശകൾ സർക്കാരിന് സമർപ്പിക്കുവാൻ സാധിക്കുമെന്ന് കമ്മീഷൻ പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**